# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല യു.പി

## സാമൂഹ്യശാസ്ത്രം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| ഒരു സാമൂഹ്യജീവി എന്ന നിലയിൽ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ അഭാവം | സാമൂഹ്യവൽക്കരണത്തിന്റെ കുറവ് | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | | അക്കാദമിക വർഷം |
| പ്രാദേശിക ചരിത്രാവബോധത്തിന്റെ അപര്യാപ്തത. | തന്റെ ചുറ്റുപാടുമായും മുതിർന്നവരുമായുള്ള ആശയവിനിമയത്തിന്റെ കുറവ്. | പ്രാദേശിക ചരിത്രാവബോധം സൃഷ്ടിക്കൽ. | സ്കൂൾ നിലനിൽക്കുന്ന പ്രദേശത്തിന്റെ പ്രാദേശിക ചരിത്രം അറിയാൻ മുതിർന്ന പൗരൻമാരുമായുള്ള അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ | | | അക്കാദമിക വർഷം |
| ജനാധിപത്യ രീതിയുടെ അടിസ്ഥാന തലത്തെക്കുറിച്ചുള്ള അറിവില്ലായമ. | കുട്ടികളുടെ ഇത്തരം പ്രവർത്തികളിൽ പങ്കുചേർക്കാനുള്ള രക്ഷകർത്താക്കളുടെ വിമുഖത. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥന തലം മനസ്സിലാക്കൽ. | | | അക്കാദമിക വർഷം |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥന തല അറിവുകൾ ആശയങ്ങൾ എന്നിവ കുട്ടികളിലേയ്ക്ക് എത്തിക്കുന്നതിന് പര്യാപ്തമായ ICT ഉപകരണങ്ങളുടെ അഭാവം | സാമ്പത്തികവും ഭൗതികവുമായ കാരണങ്ങൾ | ICT സാധ്യതകളുപയോഗിച്ച് പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിഎടുക്കുക. | വിർച്വൽ ഫീൽഡ് ട്രിപ് ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രം പഠിക്കാനുള്ള ജിജ്ഞാസ വളർത്തുന്നു | | | അക്കാദമിക വർഷം |

| | | | | | | |
|---|---|---|---|---|---|---|
| വിവര വിനിമയസാ കേതിക വിദ്യയുടെ ദുരുപയോഗം | വിദ്യാർത്ഥികളിലെ മൊബൈൽ ഫോണിനോടുള്ള അമിത ആസക്തി | വിവരസാങ്കേതി ക വിദ്യയുടെ ദു രുപയോഗത്തെ ക്കുറിച്ച് വിദ്യാർ ത്ഥികളെ ബോധ വാൻമാരാക്കുക | സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ സഹായത്തോടെ കുട്ടികൾക്കും ര ക്ഷിതാക്കൾക്കും സൈബർ കുറ്റ കൃത്യം എന്ന വിഷയത്തിൽ ബോധ വൽക്കരണക്ലാസുകൾ സംഘടിപ്പി ക്കുന്നു. | | | അക്കാദമിക വർഷം |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സയൻസ്

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| കുട്ടികളിലെ നിരീക്ഷണ പാടവം കുറയുന്നു. | ജീവിത സാഹചര്യങ്ങൾ | ചുറ്റുപാടുകൾ നിരീക്ഷിച്ച് ശാസ്ത്രത്തെ തിരിച്ചറിആന്റ | **പരിസര നടത്തം**<br>ഫീൽഡ് ട്രിപ്പ്<br>വിവിധ ജീവിവർഗ്ഗങ്ങളുടെ ആവാസവും അനുകൂലനവും മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള പ്രവർത്തനം. | ശാസ്ത്രാധ്യാപകർ | | ജൂൺ ജൂലൈ |
| ഭാഷയിലെ ബുദ്ധിമുട്ടുകൾ | ശാസ്ത്ര പാഠപുസ്തകത്തിൽ കടുത്ത സാങ്കേതിക വാക്കുകൾ ഉപയോഗിക്കാറുണ്ട്. കുട്ടികൾക്ക് ഈ പദങ്ങളുടെ അർത്ഥം മനസ്സിലാക്കാനുള്ള പ്രയാസം. | കുട്ടികൾക്ക് ശാസ്ത്രത്തിലെ പുതിയപദങ്ങളും ആശയങ്ങളും ലളിതമായി വിശദീകരിക്കാൻ കഴിയുന്നു. | 1. ശാസ്ത്ര പഠനക്ലാസുകളിൽ സാങ്കേതിക പദങ്ങളെയും ആശയങ്ങളെയും ലളിതമായി അവതരിപ്പിക്കുകയും ആശയങ്ങളെ ദിവസേനെയുള്ള ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നു.<br>2. ഓരോ കുട്ടിയും ഒരു ശാസ്ത്ര പദപുസ്തകം ഒരുക്കുന്നു. ഓരോ പദത്തിനും അർത്ഥം, ചിത്രരൂപം, ഉദാഹരണവാക്യം എഴുതുന്നു. മാസത്തിലൊരിക്കൽ പ്രദർശിപ്പിക്കുന്നു. | ശാസ്ത്രാദ്ധ്യാപകർ | | അക്കാദമിക വർഷം |
| പല കുട്ടികൾക്കും ശാസ്ത്രം അത്യന്തം പ്രയാസമുള്ള വിഷയമാണെന്ന ധാരണ ഉണ്ടാ | ആശയധാരണത്തിലെ പരിമിതികൾ ആശയങ്ങൾ പൂർണ്ണമായി മനസ്സിലാ | ശാസ്ത്ര പഠനം രസകരവും ലളിതവുമാക്കുക | ○ ശാസ്ത്ര പഠനക്ലാസ് പ്രവർത്തനാധിഷ്ഠിതമാക്കുക.<br>○ ലാബ് സൗകര്യം മെച്ചപ്പെടുത്തുക, | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് | | അക്കാദമിക വർഷം |

| | | | | | | |
|---|---|---|---|---|---|---|
| ക്കുന്നു. | ക്കുന്നതിനുള്ള ബുദ്ധിമുട്ട് | | ○ ക്ലാസ് മുറികളെ പരീക്ഷണശാലകളാക്കി മാറ്റാനായി ശാസ്ത്ര കിറ്റ് തയ്യാറാക്കൽ.,ചുറ്റുപാടുകളിൽ നിന്നും പരീക്ഷണത്തിനായുള്ള സാമഗ്രികൾ സംഘടിപ്പിക്കുക.<br>ലളിതമായ പരീ ക്ഷണങ്ങൾ ചെയ്യൽ.<br>○ മോഡലുകൾ നിർമ്മിക്കൽ<br>○ പഠനോപകരണ നിർമ്മാണം സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ<br>○ ICT പരമാവധി പ്രയോജനപ്പെടുത്തൽ | | | അക്കാദമിക വർഷം |
| ശാസ്ത്ര പഠനത്തിൽ താൽപര്യക്കുറവ് കൗതുകമില്ലായ്മ | ശാസ്ത്രപഠനത്തിൽ റോൾമോഡലുകൾ ഇല്ലാതിരിക്കുക. | ശാസ്ത്രത്തിന്റെ അനുഭവ വഴികൾ കാഴ്ചപ്പാടുകൾ കാണിക്കുന്ന മാതൃകകളായ ശാസ്ത്രജ്ഞരെക്കുറിച്ച് പഠിക്കുന്നതിലൂടെ ശാസ്ത്രപഠനത്തിൽ താൽപര്യവും കൗതുകവും വളർത്തുന്നു. | ○ ശാസ്ത്രജ്ഞരുടെ ജീവചരിത്രം, ആത്മകഥ, കണ്ടുപിടുത്തങ്ങൾ അടങ്ങിയ പുസ്തകങ്ങൾ പരിചയപ്പെടൽ<br>○ ശാസ്ത്ര ദിനാചരണങ്ങൾ,<br>○ പോസ്റ്റർ രചന<br>○ ശാസ്ത്ര ക്വിസുകൾ സംഘടിപ്പിക്കൽ<br>○ ശാസ്ത്ര വീഡിയോകൾ, ഡോക്യുമെന്ററി പ്രദർശനം<br>○ ദേശീയ ശാസ്ത്ര ദിനത്തിൽ സയൻസ് എക്സിബിഷൻ<br>○ ശാസ്ത്രമേള നടത്തൽ. | ശാസ്ത്രാധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ അന്വേഷണാത്മക ചിന്തയുടെ കുറവ | ശാസ്ത്രത്തെ ഒരു പഠന വിഷയമായി മാത്രം കാണുന്നു. | ശാസ്ത്രചിന്ത വളർത്തിയെടുക്കാനും സ്വതന്ത്രമായി നൂതനാശയങ്ങൾ കണ്ടെത്തുന്നതിനും പ്രാപ്തമാക്കുന്നതിന് | താൽപര്യമുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിയുള്ള ഐഡിയ ഹെണ്ട്, തിരഞ്ഞെടുക്കപ്പെടാനും കുട്ടികളെ ഇൻസ്പെയർ അവാർഡിനായി തയ്യാറാക്കുന്നു.<br>സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ വിവിധ പ്രോജക്ടുകൾ തയ്യാറാക്കൽ അവതരിപ്പിക്കൽ നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ, ശാസ്ത്രവുമായി ബന്ധപ്പെട്ട് പുതിയ വാർത്തകൾ ശേഖരിച്ച് ബുള്ളറ്റിൻ ബോർഡിൽപ്രദർശിപ്പിക്കൽ. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | 500 | അക്കാദമിക വർഷം |
| പഠിച്ച ആശയങ്ങളും ധാരണകളും നിത്യജീവിതത്തിൽ പ്രയോഗിക്കാനാവാത്തത് | ആവശ്യമായ തുടർ പ്രവർത്തനങ്ങൾക്ക് അവസരം കിട്ടുന്നില്ല. | കുട്ടികൾക്ക് ശാസ്ത്രത്തെ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നു. | കുട്ടികർഷകരാവാനുള്ള പ്രവർത്തനം വിദഗ്ദരുടെ ക്ലാസ് സംഘടിപ്പിക്കൽ, കൃഷിയിടങ്ങൾ സന്ദർശിക്കൽ, കൃഷി ഓഫീസറുമായുള്ള അഭിമുഖ ചോദ്യാവലി തയ്യാറാക്കൽ,<br>സോപ്പു നിർമ്മാണം. | ശാസ്ത്രാധ്യാപകർ | 1000 | അക്കാദമിക വർഷം |

# പരിസരപഠനം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| • ശാസ്ത്രീയ മനോഭാവം രൂപപ്പെടാത്ത അവസ്ഥ. | ശാസ്ത്രീയ അവബോധമില്ലായ്മ | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തുക | പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ കൃത്യമായും ക്ലാസിൽ നടപ്പാക്കുന്നു. കൂടുതൽ അവസരങ്ങളൊരുക്കുന്നു | | | |
| • പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മാനസ്സിലാക്കാത്ത അവസ്ഥ. | പരിസ്ഥിതിയും ഉൾപ്പെട്ടതാണ് നാം ജീവിക്കുന്ന ഭൂമി എന്ന തിരിച്ചറിവില്ലായ്മ . | പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കൽ | പ്രകൃതി നടത്തം/മഴ നടത്തം/പരിസര നടത്തം | | | |
| • സഹജീവി സ്നേഹമില്ലായ്മ. | ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന തിരിച്ചറിവില്ലായ്മ | സഹജീവി സ്നേഹം വളർത്തുക | ഷോർട്ട് ഫിലിം പ്രദർശനം.<br><br>ഷോർട്ട് ഫിലിം ഡെമോ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | | | |
| • വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയുടെ ധാരണക്കുറവ് | വ്യക്തി ശുചിത്വം പരിസരശുചിത്വം എന്നിവ പ്രയോഗത്തിൽ വരാത്ത അവസ്ഥ | വ്യക്തി ശുചിത്വം പരിസര ശുചിത്വം ഉറപ്പാക്കുക | പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ ശുചിത്വ സന്ദേശങ്ങൾ സ്കൂളിന്റെ വിവിധഭാഗങ്ങളിൽ പതിക്കുക | | | |

# ഗണിതം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ കൃത്യമായി നേടിയെടുക്കാൻ കഴിയുന്നില്ല. | പാഠഭാഗത്തു നിന്നും ലഭിക്കുന്ന/ആർജിച്ചെടുക്കുന്ന ഗണിതശേഷികൾ നിത്യ ജീവിതത്തിൽ പ്രയോഗിക്കാനോ പ്രയോജനപ്പെടുത്താനോ സാധിക്കുന്നില്ല. | കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ കൈവരിക്കുക. | SRG യുടെ നേതൃത്വത്തിൽ പഠനലക്ഷ്യങ്ങൾ കൈവരിക്കാനുതകുന്ന രീതിയിലുള്ള വർക്ക്ഷീറ്റുകൾ നിർമ്മിക്കുന്നു. നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അവസരം നൽകുക. (പലചരക്ക് കട, സ്കൂൾ പുസ്തക സ്റ്റാൾ, സത്യം പീടിക) ഉല്ലാസ ഗണിത പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുക. ഓരോകുട്ടിക്കും ഒരു ഗണിത കിറ്റ് ശിൽപ്പശാല | SRG ക്ലാസ് ടീച്ചർ | PTA | ഒരു വർഷം |

# മലയാളം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാല യളവ് |
|---|---|---|---|---|---|---|
| ആശയ ഗ്രഹണ ത്തോടെയുള്ള വാ യന സാധ്യമാകു ന്നില്ല | ആശയാവതരണ രീതിയിൽ അക്ഷര പരിചയം വന്നു ക ഴിഞ്ഞാൽ ആ അക്ഷരങ്ങ ളിലൂടെയും ചിഹ്നങ്ങളിലൂ ടെയും കുട്ടികൾ കടന്നു പോകുന്ന വായനാ സന്ദർ ഭം കുറയുന്നു. ലഭ്യമായിട ങ്ങളിൽ പുസ്തകം ശാസ് ത്രീയമായി ഉപയോഗിക്കാ നുള്ള സാഹചര്യം വീടുക ളിലില്ല. രക്ഷിതാക്കൾ വാ യനക്കാരായ വീടുകൾ കു റവ്. | ആശയ ഗ്രഹണ ത്തോടെയുള്ള വായന സാധ്യമാ ക്കൽ | • ബാല പ്രസിദ്ധീകരണങ്ങൾ,ലഘു മാസികകൾ, എന്നിവ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. തുടർച്ചയാ യ പ്രവർത്തനങ്ങളിലൂടെ വായനാ ലോകത്തേക്ക് കുട്ടികളെ കൊണ്ടു വരുന്നു.,<br>• ക്ലാസുകളിൽ വായനക്കൂട് രൂപീ കരണം കൂട്ടുകാർക്കൊരു സ മ്മാനം<br>• കുട്ടികൾ തങ്ങൾ വായിച്ച ഒരു പു സ്തകം കൂട്ടുകാരനോ കൂട്ടുകാ രിക്കോ സമ്മാനം നൽകുക. | ക്ലാസ് അധ്യാ പകർ | PTA | ഒരു വർഷം |
| വിവിധ രചനാഘട്ട ങ്ങളിലൂടെ കടന്നു പോയിട്ടും കുട്ടികൾ അക്ഷരതെറ്റില്ലാതെ എഴുതാൻ സാധി ക്കുന്നില്ല. | രചനാ സന്ദർഭങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടു ത്താൻ സാധിക്കുന്നില്ല | 3,4 ക്ലാസുകളി ലെ കുട്ടികളെ സ്വതന്ത്രരചയി താക്കളാക്കിമാറ്റു ക. | • സർഗാത്മക ഡയറി സർഗാത്മക ഡയറി നിരന്തരം എഴുതിക്കുക യും, മികച്ചവ സർഗ ഫലകത്തിൽ പ്രദർശിപ്പിക്കുന്നു.<br>• കയ്യെഴുത്ത് മാഗസിൻ<br>• മികച്ച രചനകൾ ഉൾക്കൊള്ളിച്ച് കുട്ടികളുടെ പേര് വച്ച് മാസിക കൾക്ക് നൽകുന്നു.രചനകൾക്ക് പ്രോത്സാഹനം നൽകുന്ന രീതി യിൽ അത് ക്ലാസുകളിൽ അവതരി പ്പിക്കുന്നു.<br>• രചനാ മത്സരങ്ങൾ നടത്തുന്നു. വിവിധ വ്യവഹാര രൂപങ്ങൾ ഉൾ പ്പെടുത്തി രചനാമത്സരങ്ങൾ സം ഘടിപ്പിക്കുന്നു. ഉദാ കവിത, കഥ പോസ്റ്റർ | ക്ലാസ് അ ദ്ധ്യാപകർ | PTA | ഒരോ മാ സവും പു റത്തിറ ക്കുന്നു. |

# ഇംഗ്ലീഷ്

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാല യളവ് |
|---|---|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും എല്ലാകുട്ടികൾക്കും കഴിയുന്നില്ല. | ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിനുള്ള അവസരങ്ങളുടെ അപര്യാപ്തതയുംആത്മവിശ്വാസക്കുറവും | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ<br>ഭാഷ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ടവിവധ പ്രവർത്തനങ്ങളിൽ പങ്കാളികളാവൽ<br>സർഗാത്മക രചനകളിൽ ഏർപ്പെടൽ | ഇംഗ്ലീഷ് കോർണർ<br>ഒരു ദിവസം ഒരുവാക്ക്<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറി<br>TLM വർക്ക് ഷോപ്പ്<br>(വായനാ കാർഡുകൾ)<br>English Thursday<br>English Fest<br>Balasabha (English)<br><br>English Magazine | Class Teacher<br><br>SRG<br><br>PTA<br><br>Class Teacher<br><br>SRG<br><br>PTA | CPTA<br><br>CPTA<br><br>CPTA<br><br>CPTA | June March<br><br>June March (In A Week)<br><br>August<br>June March |

# ആരോഗ്യകായിക വിദ്യാഭ്യാസം, ശുചിത്വം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| വ്യായാമത്തിന്റെയും കളികളുടെയും അഭാവം കാരണം കുട്ടികളിൽ ധാരാളം ശാരീരിക മാനസിക പ്രശ്നങ്ങൾ കണ്ടുവരുന്നു. | സ്ഥലലഭ്യതക്കുറവ് സമയത്തിന്റെ കുറവ് സമപ്രായക്കാരുമായി ഒഴിവു സമയം വിനിയോഗിക്കാൻ അവസരം ലഭ്യമല്ല. | വ്യായാമം, കളികൾ എന്നിവയിലൂടെ എല്ലാകുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യനില സംരക്ഷിക്കുക. | യോഗ, സൂംബ ഡാൻസ്, നാടൻ കളികൾ, മാസ് ഡ്രിൽ ഫൂഡ്ബോൾ കോച്ചിംഗ് ക്യാമ്പ് | | | |
| ശുചിത്വം മാലിന്യ സംസ്കരണം, തുടങ്ങിയ പ്രവർത്തനങ്ങളോടു വിമുഖത | ശുചീകരണ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്വം ഉറപ്പുവരുത്തുന്നില്ല. | വിദ്യാലയത്തെ മാലിന്യ വിമുക്തമാക്കൽ, ഹരിതാഭമാക്കൽ എന്നിവയിൽ പങ്കെടുക്കാനനുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കൽ.<br><br>മെച്ചപ്പെട്ട ആരോഗ്യ ശുചിത്വശീലങ്ങൾ വളർത്തിയെടുക്കൽ | ശുചിത്വ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ ഗ്രാന്റ് ഫുഡ് (പോഷക സമൃദ്ധമായ ഉച്ചഭക്ഷണം)<br>○ ശുചിത്വ പോസ്റ്റർ നിർമ്മാണം.<br>○ മുദ്രാഗീത, മുദ്രാവാക്യ നിർമ്മാണം<br>○ ക്ലാസ് തല ചുമതലാ വിഭജനം,<br>○ ശുചിത്വ സ്ക്വാഡ്<br>○ ശുചിത്വ ഗ്രേഡിംഗ്<br>○ എല്ലാ ക്ലാസ്സിലും ശുചീകരണ സാമഗ്രികൾ<br>○ ബയോഗ്യാസ് പരിപാലന പരിശീലനം<br>○ എന്റെ വിദ്യാലയം ഒരു പാഠപുസ്തകം<br>○ പച്ചക്കറി കൃഷി<br>○ ശലഭോദ്യാനം<br>○ ഔഷധത്തോട്ടം | | | |

# യു.പി. മലയാളം

| പ്രശ്നം /പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം /വിശകലനം | കാലയളവ് |
|---|---|---|---|---|---|---|
| വാക്യങ്ങൾ വായിച്ചെടുക്കാനുള്ള ബുദ്ധിമുട്ട് വള്ളി പുള്ളി ഉറയ്ക്കാത്ത പ്രശ്നം. | വായനാശീലം ഇല്ല എന്നുള്ളത് | ഭാഷയുടെ അടിസ്ഥാന ശേഷിവികസനം. ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം പഠിതാക്കൾ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br><br>ഭാഷാകേളി :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | മലയാളം അധ്യാപകർ<br><br>മലയാള മാസം | | ജൂൺ മാസം<br><br>ജൂൺ മാസം |
| ആശയം മനസ്സിലായി വായിക്കുന്നില്ല പദസമ്പത്ത് കുറവ് | പദങ്ങളുടെ വാക്കുകളുടെ അർത്ഥം അറിയാൻ ശ്രമിക്കുന്നില്ല. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ ലോകത്തേക്ക് പത്രം ആഴ്ചപതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന വാർത്ത വായന.<br>ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | മലയാളം അധ്യാപകർ<br><br>എല്ലാ ദിവസവും | | ജൂൺ മാസം<br><br>എല്ലാ ദിവസവും. |

| | | | | | | |
|---|---|---|---|---|---|---|
| സാഹിത്യ മേഖലയിൽ വേണ്ടത്ര അറിവില്ലായ്മ | സാഹിത്യ കൃതികൾ ലൈബ്രറി പുസ്തകങ്ങളുടെ യൊക്കെ വായനക്കുറവ് | സാഹിത്യ കൃതികളോടും, സാ ഹിത്യകാരൻ മാരോടു മുള്ളഅനുകൂല മനോ ഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ. | സംവാദം/മുഖാമുഖം:<br><br>സാഹിത്യകാരൻമാർ എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങ ളും സംഘടിപ്പിക്കുന്നു. | മലയാളം ക്ല ബ്, | പി ടി എ | വർഷത്തി ലൊരിക്കൽ |
| കലാപരിപാടിയിലെ മികവോടുകൂടിയുള്ള പങ്കാളിത്തക്കുറവ് | സർഗ്ഗവേള ഗുണാ ത്മകമായ രീതി യിൽ പ്രയോജന പ്പെടുത്താൻ പറ്റാ ത്തത്. | പഠിതാക്കളുടെ കലാ വാസനകളെ പരിപോ ഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽ കുന്നു. വിദഗ്ദരായ നാടക കലാകാ രൻമാരെയും മറ്റ് കലാകാരൻ മാ രെയും പങ്കെടുപ്പിച്ചു കൊണ്ട് ശിൽ പശാലകൾ നടത്തുന്നു. | ഹെഡ്മാ സ്റ്റർ, വർഷത്തി ലൊരിക്കൽ | വിവിധ ക്ല ബുകൾ, പി ടി എ | ആഴ്ചയി ലൊരിക്കൽ |
| അവതരണ മികവിലെ പരിമിതി | അനുകൂല സാഹചര്യമില്ലായ്മ ഗൃഹന്താരീക്ഷം | കുട്ടികളുടെ ആകാശ വാണി എഫ് എം മികവ് | വിശേഷ ദിനങ്ങളും ദിനച്ചാരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു വായിച്ച പുസ്തകത്തിൽ മികച്ച പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ | ക്ലാസ് ലീഡർ സ്കൂൾ ലീ ഡർ മലയാ ളം അദ്ധ്യാപ കർ.<br><br>ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | പി ടി എ | ആഴ്ചയിൽ ഒരിക്കൽ |

| ഹിന്ദി | | | | | | |
|---|---|---|---|---|---|---|
| **പ്രശ്നം/ പരിമിതി** | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| യുപി ക്ലാസിലെ ചില കുട്ടികൾക്ക് ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും അറിയില്ല | അഞ്ചാം ക്ലാസിൽ വച്ച് മാത്രം തുടങ്ങുന്ന ഹിന്ദി ഭാഷ പഠനം പാഠഭാഗങ്ങളുടെ ബാഹുല്യം. ഐ.സി.ഡി മാധ്യമങ്ങളുടെ പരിമിതി സമയക്കുറവ് | യുപി ക്ലാസ്സുകളിലെ എല്ലാ കുട്ടികളേയും അക്ഷരങ്ങളും ചിഹ്നങ്ങളും പഠിപ്പിക്കുക. | പ്രീ ടെസ്റ്റ് അക്ഷരങ്ങളിലും ചിഹ്നങ്ങളിലും ഊന്നൽ കൊടുത്തു കൊണ്ടുള്ള പഠനം. അക്ഷരങ്ങൾ എഴുതിയ ചാർട്ടുകൾ. വിവിധ നിറങ്ങളിൽ ഉള്ള അക്ഷര കാർഡുകൾ, വാക്കുകൾ എഴുതിയ കാർഡുകൾ എന്നിവ തയ്യാറാക്കുക | ഹിന്ദി അധ്യാപകർ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | |
| കുട്ടികൾ വീട്ടിൽ നിന്നും പഠിക്കുകയോ ഹോം വർക്ക് ചെയ്യുകയോ ചെയ്യുന്നില്ല | 1.രക്ഷിതാക്കൾക്ക് ഹിന്ദി ഭാഷയിലുള്ള അവഗാഹ ക്കുറവ്.<br>2. രക്ഷകർത്താക്കളുടെ ശ്രദ്ധക്കുറവ്<br>3. ഡിജിറ്റൽ മാധ്യമങ്ങൾ നിരന്തരം പരിചയിച്ച കുട്ടികളുടെ ക്ലാസ്സ് റൂം പഠനത്തോടുള്ള വിമുഖത | യു പി തലത്തിലെ മുഴുവൻ കുട്ടികളെയും ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാൻ പ്രാപ്തരാക്കുക | 1.ഹിന്ദി കേൾക്കാനും സംസാരിക്കുവാനും ഉള്ള അവസരം ഒരുക്കൽ.<br>2. ക്ലാസ് റൂം സംഭാഷണങ്ങൾക്ക് കഴിയുന്നത്ര ഹിന്ദി ഭാഷ ഉപയോഗിക്കുക.<br>3. വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പറയുക. പിന്നോക്ക വിഭാഗം വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക. ഹിന്ദി വാർത്തകൾ കേൾപ്പിക്കുക. | | ഓഗസ്റ്റ് മുതൽ ഒക്ടോബർ വരെ | |

| പ്രശ്നം/പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലളവ് | |
|---|---|---|---|---|---|---|
| ഹിന്ദി വായിക്കാനും എഴുതാനും ഉള്ള പ്രയാസം | കുട്ടികൾ ക്ലാസ്സിൽ നിന്നല്ലാതെ ഹിന്ദി കേൾക്കുന്നില്ല. അധിക വായന സമാഗ്രകളുടെ അപര്യപതത. | യു.പി തലത്തിലുള്ള മുഴുവൻ കുട്ടികളെയും ഹിന്ദി എഴുതാനും വായിക്കാനും പ്രാപതരക്കുക. | 1. വീട്ടിൽ നിന്നും കുട്ടികൾക്ക് ഹിന്ദി സിനിമകൾ, വാർത്തകൾ എന്നിവ കാണാനും കേൾക്കാനും ഉള്ള അവസരങ്ങൾ ഉണ്ടാക്കുക.<br>2. ഹിന്ദിയിലുള്ള അധിക വായന സമാഗ്രികൾ ലഭ്യമാക്കുക.<br>3. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോ, സിനിമകൾ എന്നിവ ഐ സി ടി സഹായത്തോടെ എല്ലാ ക്ലാസിലെയും കുട്ടികൾക്ക് കാണാനുള്ള സൗകര്യം ഒരുക്കുക. | ഹിന്ദി അധ്യാപകർ രക്ഷകർത്താക്കൾ പ്രധാന അധ്യാപകൻ | ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ | |
| ഹിന്ദി ഭാഷ കൈകാര്യം ചെയ്യുവാനുള്ള പ്രയാസം | ഹിന്ദി ഭാഷക്ക് യു.പി തലത്തിൽ അനുവദിച്ച പിരീഡുകളുടെ അപര്യാപതത. | യുപി തലത്തിലുള്ള പ്രത്യേകിച്ച് ആറ് ഏഴ് ക്ലാസുകളിലെ കുട്ടികൾക്ക് ഹിന്ദി ഭാഷ അനായാസമായി മനസ്സിലാക്കുവാനും കൈകാര്യം ചെയ്യുവാനും പ്രാപതരക്കുക. കുട്ടികളുടെ സ്വർഗാതകതാ വികസനം. | 1. ഹിന്ദി ക്യാമ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. 2.ഇടയ്ക്കിടക്ക് ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക.<br>3. ഹിന്ദി ദിനചരണങ്ങൾ പ്രേംചന്ദ് ദിനം, ഹിന്ദിദിനം എന്നീ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ.<br>4. കുട്ടികളുടെ രചനകൾ സമയാഹരിക്കൽ. | ഹിന്ദി അധ്യാപകർ | | |

| പ്രശ്നം/പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലളവ് | |
|---|---|---|---|---|---|---|
| ഹിന്ദി ഭാഷ സ്വായത്തമാക്കാൻ കഴിയാത്തത് | ഹിന്ദി പഠിക്കാനുള്ള സാഹചര്യങ്ങളുടെ അപര്യപ്തത. ഹിന്ദി ഭാഷ കേട്ട് പഠിക്കാനുള്ള അവസരങ്ങൾ കുറയുന്നത്. കുട്ടികളുടെ ശ്രദ്ധക്കുറവ്. ചേർത്തകളുടെ ശ്രദ്ധക്കുറവ്. | ഹിന്ദി വളരെ എളുപ്പത്തിൽ വായിക്കുവാനും, എഴുതുവാനും ചുമർ പത്രികകൾ, കൈയെഴുത്തു മാസികകൾ എന്നിവ തയ്യാറാക്കുവാനും യുപി തലത്തിലെ കുട്ടികളെ പ്രാപതരാക്കുക. | 1. ഹിന്ദിയിലുള്ള അധിക വായന സാമഗ്രികൾ ലഭ്യമാകുക.<br>2. ഹിന്ദി വായന മൂല.<br>3. ചിത്രങ്ങളുടെ സഹായത്തോട് ചിത്രകഥകൾ തയ്യാറാക്കൽ.<br>4. കഥകൾ ക്രമപ്പെടുത്തി എഴുതൽ.<br>5. വാർത്തകൾ വായിക്കാനുള്ള അവസരം.<br>6. വായന മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുക. യുപി വിഭാഗം കുട്ടികൾ ചേർന്ന് കയ്യെഴുത്ത മാസികകൾ തയ്യാറാക്കുക. | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ | ജനുവരി, ഫെബ്രുവരി മാസങ്ങൾ | |

| സംസ്കൃതം | | | | | | |
|---|---|---|---|---|---|---|
| **പ്രശ്നം/ പരിമിതി** | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| യുപി ക്ലാസിലെ പല കുട്ടികൾക്കും അക്ഷരജ്ഞാനമില്ല. | * സമയക്കുറവ്<br>• I C T യുടെ അപര്യാപതത.<br>• പാഠഭാഗങ്ങളുടെ ബഹുല്യം | എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | • അക്ഷരം എഴുതുക.<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷര കാർഡുകൾ.<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാലകളികൾ.<br>• അക്ഷരമാലനിർമ്മിക്കൽ.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | സംസ്കൃത അധ്യാപിക | ജൂൺ ആഗസ്റ്റ് | |
| വീട്ടിൽ നിന്നും പഠനം നടക്കുന്നില്ല. | രക്ഷകർത്താക്കൾക്ക് സംസ്കൃതി ഭാഷയിൽ അവഗാഹമില്ല. | എല്ലാ കുട്ടികൾ വീട്ടിൽ നിന്ന് പഠിക്കാൻ സൗകര്യമൊരുക്കുക. രക്ഷകർത്താക്കൾക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക. | അയൽപക്കവിദ്യാലയം എന്ന ആശയത്തിലൂന്നി അഭ്യസ്ഥവിദ്യരായ രക്ഷകർത്താക്കളുടെ സഹായത്തിൽ പഠനം നടക്കുക. | സംസ്കൃതാധ്യാപിക PTA അംഗങ്ങൾ. | ജൂലൈ ജനുവരി | |
| സംഭാഷണം, കഥ, കവിത, രചന തുടങ്ങിയവ ചെയ്യാൻ സാധിക്കുന്നില്ല. | • ക്ലാസ്സിൽ നിന്നില്ലാതെ മറ്റെവിടെ നിന്നും സംസ്കൃതം കേൾക്കുന്നില്ല. | സംസ്കൃത ഭാഷയിൽ സംസാരിക്കാനും, കഥകളും, കവിതകളും, ലേഖനങ്ങളും, എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുക. | • പദസമ്പത്ത് ഉണ്ടാകുക.<br>• ലഘു സംഭാഷണങ്ങൾ ക്ലാസിൽ ചെയ്യുക.<br>• സംസ്കൃത ഭാഷയിൽ | സംസ്കൃത അധ്യാപിക | സെപ്റ്റംബർ ഫെബ്രുവരി | |

| | | | | | | |
|---|---|---|---|---|---|---|
| | • ബാലമാസികകൾ, കഥകൾ, കവിത പുസ്തകങ്ങൾ എന്നിവയുടെ കുറവ്. | | തന്നെ ക്ലാസുകൾ കൈകാര്യം ചെയ്യുക.<br>• I C T ഉപയോഗിച്ച് കഥകളും, കവിതകളും കേൾക്കാൻ അവസരം ഒരുക്കുക. | | | |
| അധിക വായന നടക്കുന്നില്ല | അധിക വായനക്കുള്ള സാമഗ്രിക്കളില്ല. | ചെറിയ ഗുണപാഠ കഥകളിലൂടെയും കവിതകളിലൂടെയും സംസ്കൃത പഠനം സുഗമമാക്കാൻ. | • വായന കാർഡ്.<br>• ചെറിയ കഥകൾ സംസ ്കൃതത്തിൽ അവതരിപ്പിക്കുക.<br>• സംസ്കൃത കഥകളും ബാല കൃതികളും മഹാകകളും ശേഖരിച്ച് സംസ്കൃത ലൈബ്രറി സജ്ജമാക്കുക.<br>• സംസ്കൃത അസംബ്ലി | സംസ്കൃത അധ്യാപിക, H. M, PTA. | | |

| ഗണിതം | | | | | | |
|---|---|---|---|---|---|---|
| **പ്രശ്നം/ പരിമിതി** | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| അടിസ്ഥാന ക്രിയകൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ട്. | അടിസ്ഥാന ക്രിയകളിലുള്ള വ്യക്തമായ ധാരണക്കുറവ്. | ഗണിത പഠനം എളുപ്പമാക്കുക, | ഗണിത കളികളിലൂടെയും നിത്യജീവിതത്തിലും ആയി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളിലൂടെയും കുട്ടികളിൽ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുക. മഞ്ചാടി പോലുള്ള ഗണിത പദ്ധതികൾ തുടർന്നും നടപ്പിലാക്കുക. | ഗണിത അധ്യാപകർ ഗണിത ക്ലബ് | അക്കാദമിക വർഷം | പിടിഎ |
| ഗണിതത്തിനോട് കുട്ടികൾക്കുള്ള അഭിരുചി കുറവ്. | ഗണിതത്തോടുള്ള സമീപനം | ഗണിത പഠനത്തിൽ താല്പര്യമുണർത്തുക, | ഗണിതത്തിൽ പ്രഗൽഭരായ വ്യക്തികളെ ഉപയോഗപ്പെടുത്തി ക്ലാസ്, സെമിനാർ,ചർച്ച എന്നിവ സംഘടിപ്പിക്കുക. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത പസ്സിൽസ്, ഗെയിംസ് എന്നിവയിലൂടെ കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യം വളർത്തുക. | ഗണിത അധ്യാപകർ | അക്കാദമിക വർഷം | പിടിഎ |
| ഗണിത ആശയങ്ങൾ വ്യക്തമായി മനസ്സിലാക്കാനുള്ള പ്രയാസം | അമൂർത്തങ്ങളായ ആശയങ്ങൾ. | ഗണിത പഠനം രസകരവും ആസാധ്യകരവും ആക്കുക. | ഐസി ടി സാധ്യത ഉപയോഗപ്പെടുത്തിയുള്ള പഠനം. ആശയങ്ങൾ വളരെ കൃത്യതയോടെ മനസ്സിലാക്കാൻ, സഹായിക്കുന്ന പഠനോപകരണങ്ങളുടെ നിർമ്മാണത്തിനുള്ള സാഹചര്യം സൃഷ്ടിക്കുക | ഗണിത അധ്യാപകർ ഗണിത ക്ലബ് | | |

| **പ്രശ്നം/ പരിമിതി** | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|---|
| തുടർച്ചയില്ലായ്മ | മുന്നറിവുകളിൽ വ്യക്തമായ ധാരണയില്ലാത്തത് | ഓരോ വർഷവും കുട്ടികളിൽ നേടിയിരിക്കേണ്ട പഠന നേട്ടങ്ങൾ ഉറപ്പാക്കുക. | ക്ലാസ് അടിസ്ഥാനത്തിൽ ഗണിത നിഘണ്ടു തയ്യാറാക്കൽ | ഗണിത അധ്യാപകർ ഗണിത ക്ലബ് | | |
| ഭിന്നസംഖ്യ ഉറയ്ക്കാത്ത പ്രശ്നം. | ഭിന്ന സംഖ്യയെ രണ്ടു സംഖ്യയായി കാണുന്നു വെന്നത് | ഗണിതം മധുരമാക്കാൻ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയി ലെത്തിക്കുക | കുട്ടികളെ മഞ്ചാടി ഗണിത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു.<br>• അപരിചയം<br>• ഒരു മുറി ഭിന്ന സംഖ്യ<br>• തവണ ഭിന്നസംഖ്യകൾ<br>• തുല്യ ഭിന്നസംഖ്യകൾ | ഗണിത അധ്യാപകൻ | | |

| ഗണിതം | | | | | | |
|---|---|---|---|---|---|---|
| പ്രശ്നം/ പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
| • സംഖ്യകളെ തിരിച്ചറിയാനുള്ള ബുദ്ധിമുട്ട്.<br>• സങ്കലനം വ്യവകലനം സംഖ്യാ വ്യാഖ്യാനം എന്നിവയിൽ നേരിടുന്ന പ്രയാസങ്ങൾ<br>• സ്ഥാനവില തിരിച്ചറിയാൻ കഴിയാത്തത്. | • രസകരമായ ഗണിത പ്രവർത്തനങ്ങളുടെ അപര്യാപ്തത,<br>• സമയപരിധി,<br>• പഠനപ്രവർത്തനങ്ങളുടെ ആധിക്യം | • ഗണിത ചിന്താശേഷി വളർത്തൽ<br>• കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ<br>• ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതശയങ്ങൾ ഉറപ്പിക്കൽ. | • സംഘ്ലികൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>• സംഖ്യ കാർഡുകൾ നിർമ്മിക്കൽ<br>• ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ ഗണിത കിറ്റ് തയ്യാറാക്കുന്നു<br>• ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ.<br>• വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>• ഗണിത പസിലുകൾ പരിചയപ്പെടൽ. | SRG<br>ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ, | ജൂൺ മുതൽ മാർച്ച് വരെ | SSA |

# ജി. യു. പി. സ്കൂൾ ആന്തട്ട

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ അറബി

**ആമുഖം**

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. നമ്മുടെ മാതൃരാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ.

പ്രാചീന സെമിറ്റിക് ഭാഷ കുടുംബത്തിൽ ഇന്നും സജീവമായി നിൽക്കുന്ന ഏകഭാഷ അറബിയാണ്. പ്രമുഖ മലയാള രചനകളായ വീണപൂവ്, ദൈവദശകം, ചെമ്മീൻ, ആടുജീവിതം തുടങ്ങിയവ അറബി ഭാഷകളിലും നമുക്കിന്ന് ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിന്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമ്മാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരു ഇനമാണ് ഭാഷാപഠനം. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപ വിന്യാസത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളാണ്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പരിമിതികളും മുന്നിൽവെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ.

അറബിക് പഠനം വിഭാഗം

ജി യു പി എസ് ആന്തട്ട

# അറബി

| പ്രശ്നം/ പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|---|
| ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും ഉള്ള പ്രശ്നം | അക്ഷരങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനുള്ള പ്രയാസം | അറബി ഭാഷാപഠന നേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടുക അക്ഷര വിന്യാസം മനസ്സിലാക്കി കുട്ടികൾക്ക് ഉപയോഗിക്കാൻ സാധിക്കുക | ടെസ്റ്റ് നടത്തി ഭാഷാ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കായി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | കുട്ടികളെ ലക്ഷ്യത്തിലെത്തിക്കാനുള്ള ചുമതല പ്രധാനമായും ഭാഷാ കൈകാര്യം ചെയ്യുന്ന ഇൻസ്ട്രക്ടർമാർ | ജൂൺ മുതൽ ഡിസംബർ വരെ | ഈ പ്രവർത്തനത്തിന് പരിമിതമായ സാമ്പത്തിക ചെലവ് ഇൻസ്ട്രക്ടർ തന്നെ വഹിക്കുന്നു |
| പദസമ്പത്തിന്റെ പരിമിതി | അറബി ഭാഷയുമായി കൂടുതൽ ഇടപഴകാനുള്ള പരിമിതി | പദസമ്പത്ത് അധികരിപ്പിക്കുക ഭാഷാശേഷി വർദ്ധിപ്പിക്കുക | കഥാ, കവിതാ പുസ്തകങ്ങളിൽ നിന്ന് ആഴ്ചയിൽ ഒരിക്കൽ അഞ്ചു വാക്കുകൾ ശേഖരിക്കാൻ സാഹചര്യം ഒരുക്കുക ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം എന്നിവയ്ക്ക് അവസരം ഒരുക്കുക | ഭാഷ കൈകാര്യം ചെയ്യുന്ന അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ പരിമിതമായ ചെലവ് |

| പ്രശ്നം/ പരിമിതി | കാരണം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|---|
| വായിക്കാനുള്ള അവസരങ്ങളുടെ കുറവ് ഭാഷയിലുള്ള പത്രങ്ങൾ ആനുകാലികങ്ങൾ | ഭാഷയിലുള്ള പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും അപര്യാപ്തത | വായനാ താല്പര്യവും ഭാഷാശേഷിയും വർദ്ധിപ്പിക്കാൻ | മാസത്തിലൊരിക്കൽ ക്ലാസ്സ് തലത്തിൽ വായനാ മത്സരം,കൈയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. ക്വിസ് മത്സരം | ഭാഷ കൈകാര്യം ചെയ്യുന്ന അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ, പുസ്തകങ്ങൾ |
| പദങ്ങളുടെ അർത്ഥങ്ങൾ കുട്ടികളിലേക്ക് എത്തുന്നതിനുള്ള പരിമിതി | അർത്ഥങ്ങളും ആശയങ്ങളും പഠിക്കുവാനുള്ള അപര്യാപ്തത | അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | ഓരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതിക്കുന്നു. | ഭാഷാ അധ്യാപകർ | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ |

# Academic Master Plan-English (2025-26)

| Problems/Limitations | Causes | Aim | Activites | Responsible Person | Finance | Duration |
|---|---|---|---|---|---|---|
| Lack of proper English language acquisition especially in malayalam medium students. | They get limited chances to develop language skills. | To enhance and enrinch English language acquisition in Malayalam medium students. | ELEP:-It is an activity oriented programme to develop the various skills of the learners It include various activities like story telling, emoji expression, role play, skit, dance, choreography, language games etc.<br>English Fest. | Resource Teacher<br><br>English Club | | June to February<br><br>February<br><br>Once in a monthly |
| Limited opportunities for Language practice outside the classroom. | Lack of confidence to speak-up before an audience in English. | Encouraging student Participation and Leadership. | • Organise English assembly by each class.<br>• One day camp on theatre performance. | Class teacher<br><br>English club | | November |
| Difficulty in Reading. | Lack of opportunity to read. | To develop listening and reading skill. | • Daily English news reading in school radio. | English Club Members | | Daily |

| | | | | | | |
|---|---|---|---|---|---|---|
| Children are not speaking fluently. | Lack of vocabulary and confidence. | Vocabulary Expansion. | Write a word and it's meaning in the English corner and a task is given to children to construct a meaningful sentence using the word.<br><br>Extempore- In English Classroom asks to take a lot and ask to speak about the topic written in the lot without preparation. | Resouce teacher and<br><br>English Teacher | | Daily<br><br>Weekends. |